(ഡി) പദ്ധതിയുടെ കാലയളവ് 6 വർഷമായി നിശ്ചയിച്ചിരുന്നതിന് അനുസരിച്ചാണ് 1997-ലെ ടേംസ് ഓഫ് റഫറൻസിൽ മാൻമന്ത് നിശ്ചയിച്ചിരുന്നത്. പുതുക്കിയ ടേംസ് ഓഫ് റഫറൻസ് പ്രകാരം പദ്ധതി കാലയളവ് 4 വർഷമായി മാറ്റി. ഇതനുസരിച്ചാണ് പുതിയ ടേംസ് ഓഫ് റഫറൻസിലെ മാൻമന്ത് നിശ്ചയിച്ചത്.

ഓരോ കരാറിലേയും മാൻമന്ത് താഴെപ്പറയുന്നു.

	ഇന്റർനാഷണൽ മാൻമന്ത്	ലോക്കൽ മാൻമന്ത്
ആദ്യ ടെണ്ടർ	374	1154
ഇപ്പോഴത്തെ ടെണ്ടർ	282	852

(ഇ) ആദ്യത്തെ കരാറിൽ 6 വർഷമായിരുന്നു കാലവധി. പുതിയ കരാറിൽ ഇത് 4 വർഷമാണ്. കാലാവധി കുറയുന്നതിനനുസരിച്ച് കൺസൾട്ടൻസി ഫീസിൽ കുറവ് വന്നിട്ടുണ്ട്. കൺസൾട്ടൻസി ഫീസിൽ വന്നിട്ടുള്ള കുറവ് നിലവിലുള്ള നിരക്കനുസരിച്ച് രൂപയിൽ കണക്കാക്കുമ്പോൾ 29.57 കോടി രൂപയാണ്.

ബ്രിട്ടീഷ് ഗവൺമെന്റിന്റെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന കൊച്ചിയിലെ കുടിവെള്ള പദ്ധതി

28 (3968) ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബ്രിട്ടീഷ് ഗവൺമെന്റിന്റെ സഹായത്തോടുകൂടി ഡിപ്പാർട്ട്മെന്റ് ഫോർ ഇന്റർനാഷണൽ ഡവലപ്മെന്റ് നടപ്പിലാക്കുന്ന കേരള വാട്ടർ അതോറിറ്റിയുടെ ആഭിമുഖ്യത്തിലുള്ള കൊച്ചിയിലെ കുടിവെള്ള പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ ;

(ബി) 2003 മാർച്ച് 31 വരെ ആയിരുന്ന ഡി.എഫ്.ഐ.ഡി.യുടെ കാലാവധി ഇനി നീട്ടുകയില്ല എന്ന നിബന്ധനയോടെ 2004 മാർച്ച് വരെ നീട്ടിത്തന്നിരിക്കുന്ന പ്രസ്തുത കാലാവധിക്കുള്ളിൽത്തന്നെ ഈ പദ്ധതിയുടെ പണി പൂർത്തീകരിക്കുമോ ;

(സി) ഡി.എഫ്.ഐ.ഡി. പദ്ധതിക്കുള്ള മോഡിബാത്തറും ഓവർഹെഡ് ടാങ്കിന്റെ പണി എന്ന് ആരംഭിക്കും ;

(ഡി) ഈ പണി ആരംഭിക്കുന്നതിനുള്ള എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ ; എങ്കിൽ ആയത് എന്താണെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ബ്രിട്ടീഷ് ഗവൺമെന്റിന്റെ സഹായത്തോടുകൂടി ഡിപ്പാർട്ട്മെന്റ് ഫോർ ഇന്റർനാഷണൽ ഡവലപ്മെന്റ് നടപ്പിലാക്കുന്ന കേരള വാട്ടർ അതോറിറ്റിയുടെ ആഭിമുഖ്യത്തിലുള്ള കൊച്ചിയിലെ കുടിവെള്ള പദ്ധതിയുടെ പണികൾ പുരോഗമിച്ചുവരുന്നു. ആലുവ ഹെഡ്വർക്സിലെ സമ്പിന്റെയും പമ്പ്ഹൗസിന്റെയും പണി പൂർത്തിയായി. പെരുമാനൂരിലെ സമ്പിന്റെയും പമ്പ്ഹൗസിന്റെയും പണി പൂർത്തിയായിവരുന്നു. വെൺതുരുത്തിപാലത്തിന് മുകളിലൂടെ പൈപ്പ് ഇടുന്ന പണി പുരോഗമിച്ചുവരുന്നു. റോ വാട്ടർ പമ്പിംഗ് മെയിനിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ട്. പമ്പ്സെറ്റ് സ്ഥാപിച്ചുകഴിഞ്ഞു. ഇതിന്റെ ട്രയൽറൺ നടത്തേണ്ടതുണ്ട്. ക്ലിയർവാട്ടർ പമ്പിംഗ് മെയിനിന്റെ പണിയുടെ ടെണ്ടറിംഗ് അംഗീകാരം നൽകിയിട്ടുണ്ട്. വിതരണശൃംഖലയുടെ പണി പുരോഗമിച്ചുവരുന്നു. മോഡിബാത്ത്റും ഗ്രൗണ്ടിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന ടാങ്കിന്റെ ടെണ്ടറും ആലുവയിലെ ഇലക്ട്രിക്കൽ സബ്സ്റ്റേഷൻ പണിക്ക് ടെൽക്ക് നൽകിയ ഓഹറും സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) നിശ്ചിത ദിവസത്തിനകം തീർക്കാമെന്ന് പ്രതീക്ഷിക്കുന്നു.

(സി&ഡി) ടെണ്ടർ അംഗീകരിച്ചാടുലൻ പണി ആരംഭിക്കുന്നതാണ്. ടെണ്ടർ സർക്കാരിന്റെ പരിഗണനയിലാണ്.

ഏലത്തൂർ, തലക്കുളത്തൂർ പഞ്ചായത്തുകളിൽ ശുദ്ധജലം എത്തിക്കുന്നതിന് നടപടി

29 (3969) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ ഏലത്തൂർ, തലക്കുളത്തൂർ പഞ്ചായത്തുകളിൽ കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള കുടിവെള്ള വിതരണ പദ്ധതിയുടെ വിതരണ കപ്പാസിറ്റി എത്രയാണെന്ന് വെളിപ്പെടുത്താമോ ;

(ബി) ഈ രണ്ട് പഞ്ചായത്തുകളിലും മുഴുവൻ ജനങ്ങളും കുടിവെള്ളം എത്തിക്കുവാൻ എത്രമാത്രം ജലം വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച വിവരം ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പഞ്ചായത്തുകളിൽ കൂടുതൽ പേർക്ക് ആവശ്യമായ ശുദ്ധജലം എത്തിക്കുന്നതിന് പുതിയ വിപുലീകരണ പദ്ധതിക്ക് രൂപം നൽകുമോ ?

ഉത്തരം

(എ) രണ്ട് ദശ ലക്ഷം ലിറ്റർ.

(ബി) ഈ രണ്ട് പഞ്ചായത്തുകളിലുമായി ഏകദേശം 60,000 ജനങ്ങൾക്ക് 70 എൽ. പി. സി. ഡി പ്രകാരം സുമാർ 5 ദശ ലക്ഷം ലിറ്റർ ജലത്തിന്റെ ആവശ്യകതയുണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly